# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## വൺഡേസ്കൂൾ ചർച്ചയാകണം

**കേരളീയം** ഫെബ്രുവരി ലക്കം കലക്കി. അഭിപ്രായം എഴുതണോ എന്ന് ചിന്തിച്ചു. തിരക്കിനിടയിൽ നടന്നില്ല. ഇപ്പോൾ അടുത്തലക്കം (മാർച്ച്) വന്നു. അതിൽ വൺഡേ സ്കൂൾ ആരോഗ്യദർശനത്തിനോട് വന്ന പ്രതികരണം വിഷയത്തിൽ നിന്നും വ്യതിചലിച്ചുപോയി. ബ്രാഹ്മണൻ എന്ന വാക്ക് കേൾക്കുമ്പോഴേക്കും ഇത്രയും വികാരം കൊള്ളണോ? ഡോ. വിജയൻ അവതരിപ്പിച്ച കാലിക പ്രസക്തിയുള്ള വിഷയങ്ങൾ തീർച്ചയായും പഠനവിധേയമാക്കേണ്ടതുണ്ട്.

കേരള ജൈവ കർഷക സമിതിയുടെ സംസ്ഥാന വാർഷിക സംഗമത്തിന് മുന്നോടിയായി നടന്ന സത്സംഗമങ്ങളിൽ ഭക്ഷണം, ആരോഗ്യം, ജൈവകൃഷി തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നടന്നിരുന്നു. കർഷകർക്കും തൊഴിലാളികൾക്കും വീട്ടമ്മമാർക്കുമായി നടത്തിയ സംഗമത്തിൽ അമ്പതോളം പേർ പങ്കെടുത്തു. പല കേന്ദ്രങ്ങളിലായി പരിപാടി നടന്നു. ഡോ. വിജയൻ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ തന്നെയാണ് അവിടെയെല്ലാം ചർച്ചയായത്. വൺഡേ സ്കൂൾ എന്ന പേരിൽ ആയിരുന്നില്ല എന്നുമാത്രം. വൺഡേ സ്കൂളിനെക്കുറിച്ച് കൂടുതലായി അറിയണമെന്നുണ്ട്. കൂട്ടായശ്രമത്തിന് ഞങ്ങൾ തയ്യാറാണ്. ആരോഗ്യമുള്ള സമൂഹത്തെ ലക്ഷ്യമാക്കിയുള്ള ഈ പ്രവർത്തനത്തിന് ജനങ്ങൾക്ക് വലിയ താത്പര്യം കാണിക്കുന്നുണ്ട്.

മണ്ണിന്റെ ജീവൻ രക്ഷിക്കുകകൂടി ചെയ്യുന്നതിലൂടെ ആരോഗ്യമുള്ള സമൂഹം ഉണ്ടാകുമെന്ന് ഞങ്ങൾ കരുതുന്നു. ഈ ആശയത്തിന്മേലുള്ള ചർച്ചകൾക്കായി പാലക്കാട് ജില്ലയിൽ ഒരു യോഗം കൂടണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

**എ. നാരായണൻ**
പാലക്കാട്

## പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ്

**കേരളീയം ബിജു.എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പി**ലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മാധ്യമപ്രവർത്തകർക്കും മാധ്യമ പ്രവർത്തനത്തിൽ താത്പര്യമുള്ള 35 വയസ്സിൽ താഴെ പ്രായമുള്ള യുവതീ/യുവാക്കൾക്കും അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ വർഷം ഫെല്ലോഷിപ്പിനായി നിശ്ചയിച്ച വികസനവും പരിസ്ഥിതിയും എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ഒരു റിപ്പോർട്ടിന്റെ രൂപരേഖയും പ്രവർത്തന പദ്ധതിയും അയച്ചുതരിക. ഒപ്പം നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നത്തെ/വിഷയത്തെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ടും (10 പേജിൽ കുറയാതെ) ബയോഡാറ്റയും സഹിതം താഴെപ്പറയുന്ന വിലാസത്തിൽ ജൂൺ അഞ്ചിനുള്ളിൽ ലഭിക്കുന്ന രീതിയിൽ അയയ്ക്കുക. ഈ റിപ്പോർട്ടിന്റെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി-മാധ്യമ വിദഗ്ധർ അടങ്ങുന്ന ജൂറി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 10,002 രൂപയുടെ ഫെല്ലോഷിപ്പ് ജൂൺ 28ന് തൃശൂരിൽ വച്ച് നൽകും.

വിലാസം: ദി എഡിറ്റർ, കേരളീയം ഫെല്ലോഷിപ്പ്, കേരളീയം, കൊക്കാലെ, തൃശൂർ-21.
robinkeraleeyam@gmail.com

**കാർട്ടൂൺ** **കെ.ബി. മധുസൂധനൻ**

